ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.12.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1.) **BAPS** സന്നദ്ധ പ്രവർത്തക സുവർണ ജൂബിലി ആഘോഷങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും.

**Prime Minister Narendra Modi will virtually address the BAPS Karyakar Suvarna Mahotsav - the golden jubilee celebrations of BAPS volunteers**

2.) കേരളം ഉൾപ്പെടെ രാജ്യത്ത് 85 പുതിയ കേന്ദ്രീയ വിദ്യാലയങ്ങൾ ആരംഭിക്കാൻ കേന്ദ്ര മന്ത്രിസഭയുടെ അനുമതി.

**The Union Cabinet has approved the setting up of 85 new Kendriya Vidyalayas in the country, including Kerala.**

3.) പശ്ചിമേഷ്യൻ സാഹചര്യം കണക്കിലെടുത്ത് സിറിയയിലേക്കുള്ള യാത്രകൾ ഒഴിവാക്കാൻ ഇന്ത്യൻ പൗരന്മാർക്ക് കേന്ദ്ര നിർദേശം.

**MEA advised Indian nationals to avoid all travel to Syria until further notification in view of prevailing situation in the West Asian nation**

4.) ദേശീയ ക്ഷയരോഗ നിവാരണ പദ്ധതിയുടെ ഭാഗമായ നൂറുദിന തീവ്രയജ്ഞ പരിപാടിയ്ക്ക് ഇന്ന് തുടക്കം.

**Nation wide Tuberculosis eradication 100 day intensified campaign will begin from today.**

5.) ഫെൻജൽ ചുഴലിക്കാറ്റ് ദുരിതാശ്വാസത്തിനായി തമിഴ്നാടിന് 944 കോടിയുടെ കേന്ദ്രസഹായം.

**Union government has approved the release of 944.80 crore rupees to Tamil Nadu,as relief assistance to people affected by cyclone Fengal.**

6.) ഏഷ്യാ കപ്പ് വനിതാ ജൂനിയർ ഹോക്കി എട്ടാം പതിപ്പിന് ഇന്ന് മസ്കറ്റിൽ തുടക്കം.

**The Junior Women's Hockey Asia Cup will kick off today in Muscat, Oman**

*****************************************

## PRESIDENT ODISHA VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ഒഡീഷ സന്ദർശനം തുടരുന്നു. റെയിൽവേ ലൈനുകളും ആശുപത്രിയുമടക്കം സംസ്ഥാനത്തെ ഏട്ടോളം പദ്ധതികൾക്ക് രാഷ്ട്രപതി ഇന്ന് തുടക്കം കുറിക്കും.

*****************************************

## PM-BAPS

BAPS സന്നദ്ധ പ്രവർത്തക സംഘത്തിന്റെ സുവർണ ജൂബിലി ആഘോഷങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വെർച്വലായി അഭിസംബോധന ചെയ്യും. അഹമ്മദബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ ഇന്ന് വൈകിട്ട് നടക്കുന്ന ബോച്ച സന്യാസി അക്ഷർ പുരുഷോത്തം സ്വാമി നാരായൺ സൻസ്ഥ - BAPS കാര്യകർ സുവർണ മഹോത്സവത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര യാദവ് തുടങ്ങിയവർ പങ്കെടുക്കും. 30 രാജ്യങ്ങളിൽ നിന്നുള്ള ഒരു ലക്ഷം സന്നദ്ധപ്രവർത്തകർ പരിപാടിയിൽ പങ്കെടുക്കും. ഒരു വർഷം നീളുന്ന സുവർണ ജൂബിലി ആഘോഷങ്ങൾക്ക് ഈ വർഷം ജനുവരിയിൽ സൂറത്തിലാണ് തുടക്കമായത്.

*****************************************

## CENTRE-TAMILNADU

ഫെൻജൽ ചുഴലിക്കാറ്റ് ദുരിതാശ്വാസത്തിനായി തമിഴ്നാടിന് 944 കോടിയുടെ കേന്ദ്രസഹായം. സംസ്ഥാന ദുരന്ത പ്രതികരണ ഫണ്ടിൽ നിന്നാണ് തുക അനുവദിച്ചിരിക്കുന്നത്. പ്രകൃതി ദുരന്തങ്ങൾ

ബാധിച്ച ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാനങ്ങളോടൊപ്പം ചേർന്ന് പ്രവർത്തിക്കുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞു. ദുരന്തം വിലയിരുത്തുന്നതിന് കേന്ദ്ര സംഘത്തെ തമിഴ്നാട്ടിലേക്കും പുതുച്ചേരിയിലേക്കും അയക്കുമെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

****************************************

## PM – NORTHEAST INTRO

രാജ്യവികസനം മുന്നോട്ട് നയിക്കാൻ വടക്കു-കിഴക്കൻ സംസ്ഥാനങ്ങൾക്ക് ഏറെ സാധ്യതകളാണുള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ അഷ്ടലക്ഷ്മി മഹോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 21-ാം നൂറ്റാണ്ട് കിഴക്കിനും ഏഷ്യയ്ക്കും ഇന്ത്യയ്ക്കുമുള്ളതാണെന്നും അദ്ദേഹം പറഞ്ഞു.

(VOICE)

****************************************

## MEA SYRIA

പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ സിറിയയിലേക്കുള്ള എല്ലാ യാത്രകളും ഒഴിവാക്കണമെന്ന് ഇന്ത്യൻ പൗരന്മാർക്ക് കേന്ദ്ര സർക്കാർ നിർദേശം. നിലവിൽ സിറിയയിലുള്ള ഇന്ത്യക്കാരോട് കൂടുതൽ വിവരങ്ങൾക്കായി ഡമാസ്കസിലെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെടാൻ വിദേശകാര്യ മന്ത്രാലയം ആവശ്യപ്പെട്ടു. ലഭ്യമായ വിമാനങ്ങളിൽ എത്രയും വേഗം സിറിയ വിടാനും മറ്റുള്ളവരോട് പരമാവധി സുരക്ഷിതരായിരിക്കാനും കേന്ദ്ര വിദേശകാര്യ മന്ത്രാലയം അഭ്യർഥിച്ചു.

****************************************

## JAISHANKAR DOHA FORUM

ഖത്തറിൽ ഇന്ന് നടക്കുന്ന ദോഹ ഫോറത്തിൽ വിദേശകാര്യ മന്ത്രി ഡോ.എസ് ജയശങ്കർ പങ്കെടുക്കും. 'ദി ഇന്നൊവേഷൻ ഇംപറേറ്റീവ്' എന്ന പ്രമേയത്തിൽ ദോഹ ഫോറത്തിന്റെ 22-ാാം പതിപ്പാണിത്. നാളെ, ബഹ്റൈനിലെത്തുന്ന അദ്ദേഹം ഖത്തർ വിദേശകാര്യ മന്ത്രിയുമായി ചേർന്ന് നാലാമത് ഇന്ത്യ-ബഹ്റൈൻ ഹൈ ജോയിൻറ് കമ്മീഷന്റെ അധ്യക്ഷത വഹിക്കും.

****************************************

## AMIT SHAH- GUJARAT

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഗുജറാത്ത് സന്ദർശിക്കും. രാവിലെ, അഹമ്മദാബാദിലെ ഗ്ലോബൽ ഹോസ്പിറ്റൽ ഉദ്ഘാടനം ചെയ്തശേഷം, ഗുജറാത്ത് ലോക്സേവ ട്രസ്റ്റിന്റെ വാർഷിക ഉത്സവത്തിലും അദ്ദേഹം പങ്കെടുക്കും. വൈകുന്നേരം, BAPS അക്ഷർധാമിന്റെ സുവർണ്ണ ജൂബിലി ഉത്സവത്തിൽ ശ്രീ ഷാ പങ്കെടുക്കും.

****************************************

## SHIVRAJ SINGH CHOUHAN

കർഷകർക്ക് ഉൽപ്പാദനച്ചെലവിന്റെ 50 ശതമാനത്തിലധികം കുറഞ്ഞ താങ്ങുവിലയായി നൽകി ഉൽപന്നങ്ങൾ സംഭരിക്കുമെന്ന് കേന്ദ്ര സർക്കാർ. കൃഷിമന്ത്രി ശിവരാജ് സിങ് ചൗഹാൻ രാജ്യസഭയിൽ ചോദ്യോത്തര വേളയിലാണ് ഇത് സംബന്ധിച്ച ഉറപ്പുനൽകിയത്. കാർഷികമേഖലയ്ക്കുള്ള ബജറ്റ് വിഹിതത്തിൽ വൻ വർധനയുണ്ടായതായും കൃഷിമന്ത്രി പറഞ്ഞു.

****************************************

## INDIA CND CHAIR

കമ്മീഷൻ ഓൺ നാർക്കോട്ടിക് ഡ്രഗ്സ്-സിഎൻഡിയുടെ 68-ാമത് അധ്യക്ഷ പദവി ഇന്ത്യയ്ക്ക്. ഐക്യ രാഷ്ട്ര സഭയിലെ ഇന്ത്യയുടെ സ്ഥിരം

പ്രതിനിധി ശംഭു കുമാരൻ ഇന്നലെ സിഎൻഡിയുടെ അധ്യക്ഷ പദവിയിൽ ഔദ്യോഗികമായി ചുമതലയേറ്റു. ഇതാദ്യമായാണ് ഇന്ത്യയെ ഈ സുപ്രധാന പദവിയിലേക്ക് തിരഞ്ഞെടുക്കുന്നത് . ആഗോള ചർച്ചകളിൽ വികസ്വര രാജ്യങ്ങളുടെ താൽപ്പര്യങ്ങളും കാഴ്ചപ്പാടുകളും പ്രോത്സാഹിപ്പിക്കുന്നതിന് അധ്യക്ഷ സ്ഥാനം വഹിക്കുന്ന ഇന്ത്യ മുൻകൈയെടുക്കും. മയക്കുമരുന്നുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഐക്യരാഷ്ട്രസഭയുടെ പ്രധാന നയരൂപീകരണ സ്ഥാപനമാണ് CND.

****************************************

## NADDA-TB CAMPAIGN

ദേശീയ ക്ഷയരോഗ നിവാരണ പദ്ധതിയുടെ ഭാഗമായ നൂറുദിന തീവ്രയജ്ഞ പരിപാടിയ്ക്ക് ഇന്ന് തുടക്കം . കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ ഹരിയാനയിലെ പഞ്ച് കുലയിൽ പരിപാടി ഉദ്ഘാടനം ചെയ്യും. ഹരിയാന മുഖ്യമന്ത്രി നയബ് സിംഗ്, ആരോഗ്യമന്ത്രി ആർതി സിംഗ് റാവു എന്നിവർ ചടങ്ങിൽ പങ്കെടുക്കും. രാജ്യത്തെ 347 ജില്ലകളിലാണ് ക്യാമ്പെയിൻ സംഘടിപ്പിക്കുന്നത്. രോഗ നിർണയത്തിന് നേരിടുന്ന കാലതാമസവും മരണ നിരക്കും കുറയ്ക്കുന്നതിനും ചികിത്സാ ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിനുമാണ് ഈ തീവ്രയജ്ഞ പരിപാടിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ക്ഷയരോഗ നിർമാർജനമെന്ന ലക്ഷ്യവുമായി 2018 ൽ നടന്ന ഡൽഹി ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആവിഷ്കരിച്ച ടിബി-മുക്ത് ഭാരത് എന്ന കാഴ്ചപ്പാടിന് അനുസൃതമായാണ് നൂറുദിന തീവ്രയജ്ഞ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. കേരളത്തിൽ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യമന്ത്രി വീണാ ജോർജ് ഇന്ന് പത്തനംതിട്ടയിൽ നിർവഹിക്കും.

****************************************

## CABINET- ASWINI VAISHNAV….INTRO

കേരളം ഉൾപ്പെടെ രാജ്യത്തുടനീളം 85 പുതിയ കേന്ദ്രീയ വിദ്യാലയങ്ങൾക്കും കർണാടകയിലെ ശിവമോഗയിൽ നിലവിലുള്ള കേന്ദ്രീയ വിദ്യാലയം വിപുലീകരിക്കുന്നതിനും കേന്ദ്ര മന്ത്രിസഭ അനുമതി നൽകി. കേരളത്തിൽ തൊടുപുഴയിലാണ് പുതിയ കേന്ദ്രീയ വിദ്യാലയം നിലവിൽ വരുന്നത്. രാജ്യത്തെ 82,560 വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കാൻ ഇതിലൂടെ സാധിക്കുമെന്ന് മന്ത്രിസഭാ യോഗത്തിന് ശേഷം കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(VOICE)

****************************************

## ARMED FORCES DAY

ഇന്ന് സായുധസേനാ പതാക ദിനം. സായുധ സേനകളിലെ സൈനികരെ ആദരിക്കുന്നതിന് എല്ലാ വർഷവും ഡിസംബർ ഏഴിന് ഈ ദിനം ആചരിക്കുന്നു. ദിനാചരണത്തിന്റെ ഭാഗമായി രാജ്യത്തെമ്പാടും വിവിധ പരിപാടികൾ സംഘടിപ്പിക്കും. സംസ്ഥാനത്ത് കണ്ണൂർ കലക്ടറേറ്റ് ഓഡിറ്റോറിയത്തിൽ നടക്കുന്ന പരിപാടി മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും.

****************************************

## HOCKEY-ASIA CUP 2024

ഏഷ്യാ കപ്പ് വനിതാ ജൂനിയർ ഹോക്കി എട്ടാം പതിപ്പിന് ഒമാനിലെ മസ്കറ്റിൽ ഇന്ന് തുടക്കം. 2025ൽ ചിലിയിൽ നടക്കാനിരിക്കുന്ന FIH ജൂനിയർ ലോകകപ്പിനുള്ള യോഗ്യതാ മത്സരമാണ് ജൂനിയർ ഏഷ്യാ കപ്പ്. ഇന്ത്യൻ ടീമിനെ ക്യാപ്റ്റൻ ജ്യോതി സിംഗ് നയിക്കും. നാളെ ബംഗ്ലാദേശിനെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം.

****************************************

## CARDINAL - ROMAN CATHOLIC

റോമൻ കത്തോലിക്കാ സഭയിലെ കർദിനാളായി മലയാളിയായ ഡോ ജോർജ് കൂവക്കാട്ട് ഇന്ന് അഭിഷിക്തനാകും. ഇന്ത്യൻ സമയം രാത്രി എട്ടിന് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിലാണ് സ്ഥാനാരോഹണം. മാർ ജോർജ് കൂവക്കാട്ട് ഉൾപ്പടെ 21 പേർക്കാണ് ഫ്രാൻസിസ് മാർപാപ്പ കർദ്ദിനാൾ പദവിയുടെ സ്ഥാനചിഹ്നങ്ങൾ അണിയിക്കുക.

****************************************

## FOREX RESERVES

ഇന്ത്യയുടെ വിദേശനാണ്യ കരുതൽ ശേഖരം 1.51 ബില്യൺ ഡോളർ വർദ്ധിച്ച് 658.09 ബില്യൺ ഡോളറിലെത്തി. അഞ്ച് മാസത്തെ ഇടിവിന് ശേഷമാണ് കരുതൽ ശേഖരത്തിൽ വർധന രേഖപ്പെടുത്തിയത്. വിദേശ കറൻസി ആസ്തിയിലെ 2.06 ബില്യൺ ഡോളർ വർദ്ധനയാണ് ഈ മുന്നേറ്റത്തിന് കാരണം.

****************************************

## LAUNCH- PM E VIDYA CHANNEL

ആംഗ്യഭാഷയിലെ പിഎം ഇ-വിദ്യ ഡിറ്റിഎച്ച് ചാനൽ കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാൻ പുറത്തിറക്കി. ആംഗ്യഭാഷ പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടാണ് ചാനൽ പുറത്തിറക്കിയതെന്ന് അദ്ദേഹം പറഞ്ഞു. സമൂഹത്തിലെ എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വികസനം സാധ്യമാക്കാനും, ആശയവിനിമയത്തിനിടയിലെ വിടവ് നികത്താനും ചാനൽ സഹായകമാകും.

****************************************

## SITHARAMAN-PRE BUDGET

വരാനിരിക്കുന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായി ധനമന്ത്രി നിർമ്മല സീതാരാമൻ പ്രമുഖ സാമ്പത്തിക വിദഗ്ധരുമായി ചർച്ച നടത്തി. ധനമന്ത്രി വിളിച്ചു ചേർത്ത ആദ്യ യോഗത്തിൽ ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി, ധനകാര്യ സെക്രട്ടറി, മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് എന്നിവരും പങ്കെടുത്തു.

*****************************************

## SPECIAL SESSION-MAHA ASSEMBLY

മഹാരാഷ്ട്ര നിയമസഭയുടെ മൂന്ന് ദിവസത്തെ പ്രത്യേക സമ്മേളനം ഇന്ന് മുതൽ മുംബൈയിൽ നടക്കും. പുതുതായി തിരഞ്ഞെടുക്കപ്പെട്ട എംഎൽഎമാരുടെ സത്യപ്രതിജ്ഞയും സ്പീക്കർ തിരഞ്ഞെടുപ്പും സമ്മേളന കാലയളവിൽ നടക്കും.

*****************************************

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് അഞ്ച് മണിക്ക് നടക്കുന്ന ആദ്യ മത്സരത്തിൽ ചെന്നൈയിൻ എഫ് സി, ഈസ്റ്റ് ബംഗാൾ എഫ് സി യെ നേരിടും. രാത്രി 7.30ന് രണ്ടാം മത്സരത്തിൽ ബെംഗളൂരു എഫ്സി , കേരള ബ്ലാസ്റ്റേഴ്സിനെ നേരിടും.

*****************************************

## CRICKET - BGT TEST

അഡ്‌ലെയ്ഡ് ഓവലിൽ നടക്കുന്ന ബോർഡർ-ഗവാസ്കർ ട്രോഫിയുടെ രണ്ടാം ടെസ്റ്റ് മത്സരത്തിൽ ഇന്ത്യയ്ക്കെതിരെ ഓസ്ട്രേലിയ ഒന്നിന് 86 എന്ന നിലയിൽ ആദ്യ ഇന്നിംഗ്സ് ഇന്ന് പുനരാരംഭിക്കും. ഇന്ത്യൻ സമയം രാവിലെ 9:30 നാണ് മത്സരം

ആരംഭിക്കുക. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ 1-0 ന് മുന്നിലാണ്.

****************************************

## SMART INDIA HACKATHON

സ്മാർട്ട് ഇന്ത്യ ഹാക്കത്തോൺ ഏഴാം പതിപ്പിന് ഈ മാസം 11ന് തുടക്കമാകും. രാജ്യത്തെ 51 കേന്ദ്രങ്ങളിലായി നടക്കുന്ന ഹാക്കത്തോൺ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ ഉദ്ഘാടനം ചെയ്യും. ദൈനംദിന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ആശയങ്ങൾ നൽകാനും യുവാക്കൾക്കിടയിൽ പ്രശ്ന പരിഹാര മനഃസ്ഥിതി സൃഷ്ടിക്കാനുമാണ് ഹാക്കത്തോൺ ലക്ഷ്യമിടുന്നത്.

****************************************************************************************************************

*********